മഴക്കാലപൂർവ്വരോഗങ്ങൾ പ്രതിരോധിക്കാൻ നടപടികൾ

78 (2287) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ മഴക്കാലപൂർവ്വരോഗങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മഴക്കാലപൂർവ്വരോഗങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം മുൻകരുതലുകൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പകർച്ചവ്യാധികൾ മഴക്കാലത്തിന് മുൻപും മഴക്കാലത്തും അതിനുശേഷവും ഏറിയുംകുറഞ്ഞും കാണപ്പെടാറുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സമയങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ വ്യക്തമായ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ നടത്തിയിട്ടുണ്ട്. ജില്ലാതലംമുതൽ വാർഡുതലംവരെയുള്ള യോഗങ്ങൾ, പരിശീലനങ്ങൾ, ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, കീടനാശിനികൾ, രോഗനിർണ്ണയകിറ്റുകൾ തുടങ്ങിയവയുടെ സംഭരണം നടത്തിയിട്ടുണ്ട്. മാർച്ച് മാസം ആരോഗ്യസന്ദേശയാത്ര നടത്തി ജനങ്ങളെ ബോധവൽക്കരിച്ചും ഏപ്രിൽ മാസം ഡ്രൈ കണ്ടെയിനും കീ കണ്ടെയിനും ഇല്ലാതാക്കുന്ന ക്യാമ്പയിൻ, മൂവ് ടു പ്ലാന്റേഷൻ ക്യാമ്പയിൻ എന്നിവ നടത്തി കൊതുകിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കി മേയ് മാസം ജല ശുദ്ധീകരണ ക്യാമ്പയിൻ നടത്തി ജലജന്യരോഗങ്ങളെ പ്രതിരോധിച്ചു മെയ് മാസം തന്നെ ക്ലീൻ ഓഫീസ് ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പയിൻ നടത്തി. സേഫ് കേരള ക്യാമ്പയിൻവഴി അന്യസംസ്ഥാന തൊഴിലാളി ക്യാംപ്, സ്കൂളുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ പരിശോധിച്ചു നടപടിയെടുത്തിട്ടുണ്ട്.

(ബി) മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി രോഗ സാധ്യതകൂടിയ സ്ഥലങ്ങൾ കണ്ടെത്തി അവിടെ പ്രത്യേകം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേകിച്ച് ഗവേഷണമൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly